പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2686 — 19/02/2016 ൽ മറുപടിക്ക്

# റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. എ. റ്റി. ജോർജ്<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം രൂപീകരിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) ആധുനിക വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ്/ജമമാറ്റം നടപടികൾ വേഗത്തിലും, സുതാര്യമായും, കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും, ചെയ്യുന്ന ഓൺലൈൻ പോക്കുവരവ് ആണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യം. നിലവിലെ സംവിധാനം അനുസരിച്ച് പോക്കുവരവ് ചെയ്യുന്നതിനുള്ള കാലതാമസവും, യഥാവിധി പോക്കുവരവ് നടക്കാതെയും, നടത്താതെയും ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും ജനങ്ങൾക്ക് പരിഹരിച്ചുകിട്ടുകയും, വില്ലേജ് റിക്കാർഡുകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഉണ്ടാവുകയും ചെയ്യുന്നു. മാത്രമല്ല, സർക്കാർ ഭൂമി യാതൊരു കാരണവശാലും അനധികൃതമായി കൈമാറ്റം ചെയ്യപ്പെടാതിരിക്കാനും, രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ സമയബന്ധിതമായ ജമമാറ്റം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽ നിന്നോ, നിരീക്ഷണത്തിൽ നിന്നോ മാറിപ്പോകാതിരി ക്കാനും ഈ സംവിധാനം സഹായകരമാണ്. ഭൂമി കൈമാറ്റങ്ങളുമായി ബന്ധപ്പെട്ട സുതാര്യതയാണ് മറ്റൊരു ഉദ്ദേശ്യലക്ഷ്യം. കൂടാതെ ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്ന വില്ലേജുകളിൽ ഭൂനികുതി ഓൺലൈനായി അടക്കുന്നതിനുള്ള ഓൺലൈൻ പേയ്മെന്റ് സൗകര്യവും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |

(സി) ഇത് നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

(സി) റെലിസ് Ver.1 ഉപയോഗിച്ചുള്ള ഓൺ ലൈൻ പോക്കുവരവ് 15/09/2011 മുതൽ പാലക്കാട് ജില്ലയിലെ 17 വില്ലേജുകളിൽ നടപ്പിലാക്കിയിരുന്നു. സംസ്ഥാനത്ത് ഓൺലൈൻ പോക്കുവരവ് (Integrated Online Pokkuvaravu) നിലവിൽ 325 ഓളം വില്ലേജുകളിൽ നടപ്പാക്കി. 31/03/2016 നകം 420 വില്ലേജുകളിലേക്ക് ഇത് നടപ്പാക്കുന്നതിനുള്ള നടപടികളാണ് നടന്നു വരുന്നത്. ഈ വില്ലേജുകളും ഉടൻ തന്നെ റെലിസ് Ver.2 വിലേക്ക് മാറുന്നതാണ്. ഈ സംവിധാനം സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്നതിന് 17/10/2015 ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 575/2015/റവന്യൂ പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പെട്ട 420 വില്ലേജുകളിലേക്കുകൂടി 31/03/2016 നകം ഈ സംവിധാനം വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നു വരുന്നു. 21/01/2015 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 550/2015/പൊ.ഭ.വ. പ്രകാരം ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്നതിനോടനുബന്ധിച്ചുള്ള വിവര സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട റവന്യൂ വകുപ്പിലെ പ്രവർത്തനങ്ങളുടെ ചുമതല കേരള സ്റ്റേറ്റ് ഐ.റ്റി.മിഷൻ ഡയറക്ടർക്ക് നൽകിയിട്ടുള്ളതുമാണ്. സംസ്ഥാനത്ത് ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ഭൂമിയുടെ നികുതി ഓൺലൈനായി സ്വീകരിക്കുന്ന സംവിധാനം കോട്ടയം ജില്ലയിലെ 100 വില്ലേജുകളിൽ നടപ്പിലാക്കി.

സെക്ഷൻ ഓഫീസർ